"ഭരണഭാഷ - മാതൃഭാഷ"

നം.ഐസിഡിഎസ്/എ5-34221/17

സാമൂഹ്യ നീതി ഡയറക്ടറേറ്റ് (അനക്സ്),
സാമൂഹ്യക്ഷേമ ഭവൻ,പൂജപ്പുര,തിരുവനന്തപുരം.
ഫോൺ : 0471-2346508 ഫാക്സ് : 0471-2346534
ഇ-മെയിൽ swdicds@gmail.com
തീയതി : 3-11-2017

## സർക്കുലർ

വിഷയം : സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി - സംസ്ഥാനത്തെ മുഴുവൻ അങ്കണവാടികളും Geotag ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന : 30-10-17-ന് ഡയറക്ടറുടെ ചേംബറിൽ ചേർന്ന മീറ്റിംങ്.

സംസ്ഥാനത്തെ 33115 അങ്കണവാടികളും കൃത്യമായി map ചെയ്യുവാൻ വകുപ്പ് തീരുമാനിച്ചിരിക്കുന്നു. GPS സാങ്കേതിക വിദ്യ ഉപയോഗിച്ച് അങ്കണവാടികളുടെ സ്ഥാനം നിർണ്ണയിക്കുകയും ഇത് ഭൂപടത്തിൽ രേഖപ്പെടുത്തുകയും ചെയ്യുന്ന Geotagging എന്ന പ്രക്രിയ സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുവാൻ മേൽ സൂചന യോഗത്തിൽ തീരുമാനിച്ചിരിക്കുന്നു. ആയതിനായി എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാരും താഴെപ്പറയുന്ന കാര്യങ്ങൾ സൂപ്പർവൈസർമാർക്ക് വ്യക്തമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

a) വെബ്സൈറ്റിൽ നിന്നും download ചെയ്യുന്ന mobile app ഉപയോഗിച്ചാണ് അങ്കണവാടികൾ Geotag ചെയ്യേണ്ടത്.

b) www.awckl.indiagis.org എന്ന sit-ൽ നിന്നും app download ചെയ്യണം.

c) 'admin' എന്ന user id-ഉം "1234" എന്ന password-ഉം നൽകിയാൽ app download ചെയ്യാം.

d) app install ചെയ്തു കഴിഞ്ഞാൽ പേരും, തസ്തികയും നൽകി രജിസ്റ്റർ ചെയ്യാം

e) ജില്ലാ അടിസ്ഥാനത്തിൽ ഇപ്പോൾ ജോലി ചെയ്യുന്ന പ്രേജക്ടിന്റെ കീഴിലാണ് പേര് രജിസ്റ്റർ ചെയ്യേണ്ടത്.

f) ജോലി ചെയ്യുന്ന പഞ്ചായത്ത്/സെക്ടർ, പഞ്ചായത്തിലുള്ള അങ്കണവാടികളുടെ പേര്, നമ്പർ എന്നിവ drop down menu-ൽ ലഭിക്കും.

g) സൂപ്പർവൈസർമാർ ഒരു അങ്കണവാടിയിൽ എത്തി ആ അങ്കണവാടി സെന്റർ സെലക്ട് ചെയ്ത് വർക്കറുടെ പേര്, Mobile number എന്നിവ enter ചെയ്യുമ്പോൾ camera activate ആകുകയും, അങ്കണവാടിയുടെ ഫോട്ടോ എടുക്കുവാനുള്ള icon തെളിയുകയും ചെയ്യും. ഫോട്ടോ എടുത്ത ശേഷം സേവ് ബട്ടൺ അമർത്തിയാൽ Photo upload ആകും. ശേഷം 'OK' ബട്ടൺ അമർത്തുമ്പോൾ ആ അങ്കണ വാടിയുടെ Geotagging process പൂർണ്ണമാകും (ഫോട്ടോ എടുക്കേണ്ടത് അങ്കണ വാടിയ്ക്ക് പുറത്ത് തുറസ്സായ സ്ഥലത്തു നിന്നായിരിക്കണം അങ്കണവാടിയ്ക്ക് നെയിം ബോർഡ് ഉണ്ടെങ്കിൽ ആയത് വ്യക്തമായി കാണുന്ന രീതിയിൽ ഫോട്ടോ എടുക്കേണ്ടതാണ്).

h) ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾ www.awckl.indiagis.org എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

i) സൂപ്പർവൈസർമാർ Upload ചെയ്ത വിവരങ്ങൾ മേൽപ്പറഞ്ഞ Website-ൽ ലഭ്യമാകും. ആയത് CDPO-മാർ പരിശോധിച്ച് പുരോഗതി വിലയിരുത്തേണ്ടതും, 2017 നവംബർ 20-ന് മുമ്പ് Geotagging പൂർത്തിയാക്കേണ്ടതുമാണ്.

j) അങ്കണവാടികളിൽ എത്തിച്ചേരുവാൻ വിഷമമുള്ള സ്ഥലങ്ങളിൽ CDPO-മാർ തങ്ങളുടെ വാഹനം സൂപ്പർവൈസർമാർക്ക് ഈ ആവശ്യത്തിനായി ലഭ്യമാക്കേണ്ട താണ്.

k) മേൽപ്പറഞ്ഞ Websit-ൽ ലഭിക്കുന്ന ജില്ലാതല റിപ്പോർട്ട് പ്രോഗ്രാം ഓഫീസർമാർ പരിശോധിക്കേണ്ടതും പദ്ധതി പൂർത്തിയാക്കാൻ കാലതാമസം നേരിടുന്നുവെന്ന് കണ്ടാൽ വ്യക്തിപരമായ ശ്രദ്ധ ചെലുത്തി ആയത് പരിഹരിക്കേണ്ടതുമാണ്.

സാമൂഹ്യനീതി ഡയറക്ടർക്ക് വേണ്ടി

1) എല്ലാ സൂപ്പർവൈസർമാർക്കും.
2) എല്ലാ CDPO-മാർക്കും.
3) എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.
4) സ്റ്റോക്ക് ഫയൽ.

ജികെ/ 3-11-17